**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4579** **01-07-2024 - ൽ മറുപടിയ്ക്ക്**

**വനിതാ സഹകരണ സംഘങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി ശാന്തകുമാരി കെ.</td><td colspan="2">ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് എത്ര വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td><td>(എ)</td><td>സംസ്ഥാനത്ത് ആകെ 957 വനിതാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br><table><tr><th>ജില്ല</th><th>എണ്ണം</th></tr><tr><td>തിരുവനന്തപുരം</td><td>59</td></tr><tr><td>കൊല്ലം</td><td>45</td></tr><tr><td>പത്തനംതിട്ട</td><td>18</td></tr><tr><td>ആലപ്പുഴ</td><td>17</td></tr><tr><td>കോട്ടയം</td><td>27</td></tr><tr><td>ഇടുക്കി</td><td>35</td></tr><tr><td>എറണാകുളം</td><td>66</td></tr><tr><td>തൃശ്ശൂർ</td><td>82</td></tr><tr><td>പാലക്കാട്</td><td>29</td></tr><tr><td>മലപ്പുറം</td><td>102</td></tr><tr><td>കോഴിക്കോട്</td><td>154</td></tr><tr><td>വയനാട്</td><td>10</td></tr><tr><td>കണ്ണൂർ</td><td>244</td></tr><tr><td>കാസർഗോഡ്</td><td>69</td></tr><tr><td>ആകെ</td><td>957</td></tr></table></td></tr>
<tr><td>(ബി)</td><td>വനിതാ സഹകരണ സംഘങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും 2016 മുതൽ ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?</td><td>(ബി)</td><td>വനിതാ സഹകരണ സംഘങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ വനിത സഹകരണ സംഘങ്ങൾക്കും വനിതഫെഡിനുമുള്ള സഹായം എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. വനിത സഹകരണ സംഘങ്ങൾക്കും, വനിത ഫെഡിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുള്ള സഹായം നൽകുക</td></tr>
</table>

| | | | |
|---|---|---|---|
| | | | എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും. ടി പദ്ധതിക്കായി 2024-25 സാമ്പത്തികവർഷം 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ കീഴിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം, വിവിധ പരിശീലന പരിപാടികൾ/ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, ദുർബല വനിതാ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നു.<br><br>2016-17 സാമ്പത്തികവർഷം മുതൽ **വനിത സഹകരണസംഘങ്ങൾക്കും വനിത ഫെഡിനുമുള്ള സഹായം** എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1033.77ലക്ഷം രൂപ വനിതാ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ